# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൃത്താല ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം

E-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.20- 2297/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഇ-മെയിൽ -dopkd.ksad@keerala.gov.in

വെബ്-www.lfa.kerala.gov.in

തീയതി. 26.12.2016.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൃത്താല ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- തൃത്താല ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്.

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഇ മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.20-2297/2016 തിയ്യതി: 26.12.2016.

## പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുക യുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 31.8.2016 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ചിട്ടുണ്ട്. പഞ്ചായത്ത് 31.8.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ പ്രസക്തമായ അപാകതകെളാന്നും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും 8/2016 മാസത്തെ വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ (മാനുവൽ) | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം. (മാനുവൽ) |
|---|---|
| 8 | 8 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിൻെറ വിവരം നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം (2015-16)

സ്ഥാപനം: തൃത്താല ഗ്രാമ പഞ്ചായത്ത്.

വിസ്തീർണ്ണം: 22.78 ച.കീമി

ജനസംഖ്യ : 30000 (2001 സെൻസസ് പ്രകാരം)

വാർഡുകളുടെ എണ്ണം : 17

ആകെ ജീവനക്കാരുടെ എണ്ണം : 19

സ്ഥിരം : 15

താൽക്കാലികം : 1

കരാറടിസ്ഥാനത്തിൽ : 3

ആകെ : 19

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. കെ.എൻ.വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ.
ഓഡിറ്റ് നടത്തിയ തിയതി : 21.10.2016 മുതൽ 28.10.2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | സുജാത.പി. | ഓഡിറ്റ് ഓഫീസർ |
| 2 | മുഹമ്മദ് ഫാറൂഖ്.കെ.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | സുജാത.എ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

ശ്രീമതി. കെ.പി.സ്വർണ്ണകുമാരി – 1.4.2015 മുതൽ 30.11.2015 വരെ

ശ്രീ.എ.കൃഷ്ണകുമാർ – 1.12.2015 മുതൽ 31.3.3016വരെ

സെക്രട്ടറി

ശ്രീ.എസ്.സുബ്രഹ്മണ്യൻ – 1.4.15 മുതൽ 21.8.15 വരെ

ശ്രീ.വി.കെ.രാജേഷ് കുമാർ – 22.8.15 മുതൽ 30.8.15 വരെ

എ.മോഹനൻ – 31.8.15 മുതൽ 31.3.16വരെ

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സിന്ധു.വി.പി. | 1.4.15 മുതൽ 10.8.15FN വരെ |
| | ശ്രീ.ജോസഫ് ജോൺ | 10.8.15AN മുതൽ 21.10.15FN വരെ |
| | ശ്രീ.അജിത് മോഹൻ | 21.10.15ANമുതൽ 4.12.15FN വരെ |
| | ശ്രീ.സുനിൽ.കെ.പി. | 4.12.15AN മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ഷിദി.എൻ.പി. | 1.4.15 മുതൽ 31.3.16 വരെ |
| പ്രധാനാദ്ധ്യാപകൻ,<br>GMLPS, വി.കെ.കടവ് | ശ്രീ.എം.വിജയരാഘവൻ | 1.4.15 മുതൽ 31.3.16 വരെ |
| വി.ഇ.ഒ.I | ശ്രീമതി.സ്മിത | 1.4.15 മുതൽ 31.3.16 വരെ |
| വി.ഇ.ഒ.II | ശ്രീ.സനൽ | 1.4.15 മുതൽ 4.3.16 വരെ |
| | തസ്തിക ഒഴിവ് | 4.3.16 മുതൽ 31.3.16 വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ശോഭന | 1.4.15 മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വി.കെ.രാജേഷ് കുമാർ | 1.4.15 മുതൽ 18.8.15 വരെ |
| | തസ്തിക ഒഴിവ് | 19.8.15 മുതൽ 6.9.15 വരെ |
| | ശ്രീമതി.അന്നമ്മ | 7.9.15 മുതൽ 6.10.15വരെ |
| | ശ്രീ.സുനിൽ ജോൺ | 7.10.15 മുതൽ 2.11.15 വരെ |
| | ശ്രീ.സ്വരൂപ് | 3.11.15 മുതൽ 4.1.16 വരെ |
| | ശ്രീ.സുനിൽ ജോൺ | 5.1.16 മുതൽ 23.2.16 വരെ |
| | ശ്രീമതി.എം.ബിജിമോൾ | 24.2.16 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | ഡോ.ബിജുമോൻ ജോസഫ് | 1.4.15 മുതൽ 31.3.16 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ബിബി.കെ.എസ്. | 1.4.15 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ശ്രീലത.വി. | 1.4.15 മുതൽ 31.3.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.അരുൺപ്രസാദ് | 1.4.15 മുതൽ 31.3.16 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ശ്രീലത.വി.പി. | 1.4.15 മുതൽ 31.3.16 വരെ |

<u>ഉള്ളടക്കം</u>

ഭാഗം 1

<u>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.</u>


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | രസീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2(1) |
| 2 | ഡി& ഒ ലൈസൻസ് ഫീസ് -വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല | 2(2) |
| 3 | ആവശ്യമായ നിരാക്ഷേപ സർട്ടിഫിക്കറ്റുകളുടെ അഭാവത്തിൽ ഡി&ഒ ലൈസൻസ് നൽകി | 2(3) |
| 4 | വസ്തു നികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പൂർത്തിയാക്കിയിട്ടില്ല | 2(4) |
| 5 | ബിൽഡിംഗ് പെർമിറ്റ് -രജിസ്റ്ററിൽ പൂർണവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 2(5) |
| 6 | തൊഴിൽനികുതി- വ്യാപാര സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നില്ല | 2(6) |
| 7 | പരസ്യനികുതി ഈടാക്കുന്നില്ല | 2(7) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പൊതുടാപ്പുകൾ, തെരുവു വിളക്കുകൾ- യഥാർത്ഥ എണ്ണം സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കുന്നില്ല. | 3(1) |

| | | |
|---|---|---|
| 2 | പുതിയ ലൈറ്റുകൾ സ്ഥാപിക്കൽ - മുഴുവൻ CFL വിളക്കുകളും വിതരണം ചെയ്തിട്ടില്ല | 3(2) |
| 3 | വി.ഇ.ഒ. ഓഫീസിലേക്ക് നൽകിയ കമ്പ്യൂട്ടർ ഉപയോഗപ്രദമാക്കേണ്ടതാണ്. | 3(3) |
| 4 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം | 3(4) |
| 5 | ഭവനം പുനരുദ്ധാരണം ( എസ്.സി.) സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല | 3(5) |
| 6 | വി.ഇ.ഒ . നടപ്പാക്കിയ ഭവനം പുനരുദ്ധാരണം പ്രൊജക്ടുകൾ - സബ്സിഡി മാനഡണ്ഡങ്ങൽ പാലിച്ചില്ല | 3(6) |
| 7 | ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ പദ്ധതികൾ- രേഖകൾ ഹാജരാക്കിയില്ല- ചെലവു തുക തടസ്സപ്പെടുത്തുന്നു | 3(7) |
| 8 | വി.ഇ.ഒയുടെ വിവിധ അക്കൗണ്ടുകളിലവശേഷിക്കുന്ന മുതനിക്ഷേപങ്ങൾ- അതത് ശീർഷകങ്ങളിൽ തിരിച്ചടക്കണം | 3(8) |
| 9 | MGNREGS- പണിയായുധങ്ങൾ റിപ്പയർ ചെയ്യുന്നതിനനുവദിച്ചതും - ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നതുമായ തുക തിരിച്ചടയ്ക്കണം | 3(9) |
| 10 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കണം. | 3(10) |
| 11 | അംഗൻവാടി പോഷകാഹാര വിതരണം- പാചകവാതകത്തിന്റെ ഉപയോഗം- സബ്സിഡി തുക പഞ്ചായത്തിന് ലഭിക്കുന്നില്ല. | 3(11) |
| 12 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി- നാളിതുവരെ മരുന്നുകൾ, ഉപകരണങ്ങൾ ലഭ്യമായിട്ടില്ല | 3(12) |

| | | |
|---|---|---|
| 13 | ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പാലിച്ചില്ല | 3(13) |
| 14 | കുടുംബശ്രീ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ തിരിച്ചടക്കണം | 3(14) |
| 15 | കേന്ദ്രഫണ്ട് ചെലവഴിക്കാത്ത തുക പദ്ധതിപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കണം | 3(15) |
| 16 | ആശ്രയ പദ്ധതി -അവലോകനം | 3(16) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ | 4(8) |

| | | |
|---|---|---|
| | കണക്കുകൾ | |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 111/16, 04.03.2016 ( പുതുക്കിയത്) |
| തീരുമാനം നം.1 തിയതി, 25.3.2015 | തീരുമാനം നം.1 തിയതി, 22.3.2016 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 29.7.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 34188353 |
| വരവ് | 27077448 |
| ആകെ | 61265801 |
| ചെലവ് | 43608538 |
| നീക്കിബാക്കി | 17657263 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | മറ്റ് ഫണ്ടുകളിൽ നിന്നും പിൻവലിച്ച് നിക്ഷേപിച്ച തുക | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് (RP 40 b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 2046110 | 10747378 | 8431856 | 21225344 | 6740581 | 14484763* | 0 |
| വികസന ഫണ്ട് എസ്.സി.പി | 6636239 | 0 | 14452582 | 21088821 | 4093255 | 11265984* | 0 |
| | | | | | | 5729582** | |
| സംരക്ഷണ ഗ്രാന്റ് റോഡ് | 639291 | 1082619 | 2161000 | 3882910 | 2469726 | 330565* | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 2437993 | 0 | 2475000 | 4912993 | 2053761 | 2859232* | 0 |
| | | | | | | 1082619*** | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2689098 | 0 | 7275059 | 9964157 | 4760156 | 1146046* | 0 |
| | | | | | | 4057955** | |
| പെർഫോമൻസ് ഗ്രാന്റ് | 1058750 | 0 | 959841 | 2018591 | 727776 | 330974* | 0 |

(*) സർക്കാരിലേക്ക് തിരികെ അടച്ചത്.

(**) വി.പി.എഫ്.എ 2 വിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്.

(***) റോഡ് അക്കൗണ്ടിലേക്ക് മാറ്റിയ തുക.

ബഡ്ജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക മുഴുവനായി വിനിയോഗിക്കാത്തതു മൂലം ₹.30417563/- ലാപ്സാവുകയും സർക്കാരിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 207 | 97 | 5 | 105 | 46.86% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 3079200 | 2005618 | 65.13 |
| വെറ്ററിനറി സർജൻ | 3 | 2 | 1634900 | 588300 | 35.98 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 1 | 1 | 450000 | 278723 | 61.93 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 0 | 0 | 0 | 0 | |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 300000 | 300000 | 100 |
| വി.ഇ.ഒ. | 15 | 4 | 12164500 | 1662500 | 13.66 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 4 | 3654000 | 2036863 | 55.74 |
| സെക്രട്ടറി | 17 | 12 | 2443296 | 1796515 | 73.52 |
| പ്രധാനാദ്ധ്യാപിക, GLPS, VK കടവ് | 6 | 3 | 554418 | 478699 | 86.34 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 142 | 62 | 44625031 | 13388739 | 30 |

| | | | | | |
|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 60000 | 60000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 2 | 5792261 | 1907500 | 32.93 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6701839 | 4276081 | 2425758 | (-)36.20% |
| നികുതിയേതര വരവുകൾ | 2029161 | 891002 | 1138159 | (-)56% |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 243409 | 301020 | 57611 | (+)23.67% |
| ആകെ | 8974409 | 5468103 | 3621528 | (-)40% |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 10 | 6 | 4 | |
| 2 | തൊഴിൽ രഹിത വേതനം | 3 | --- | 3 | |
| 3 | വിധവാ പെൻഷൻ | 61 | 56 | 5 | |
| 4 | വികലാംഗ പെൻഷൻ | 14 | 13 | 1 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 13 | 11 | 2 | |
| 6 | വാർദ്ധക്യകാല പെൻഷൻ | 298 | 271 | 27 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി.

3146/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 27.9.2016 | 8/2016 | ലഭിച്ചിട്ടില്ല | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 22.5.04 to 3.6.04 | 1997-98 to 2003-04 | 30.9.04 | ഇല്ല |

## 1-11 അനുബന്ധ പത്രികകൾ

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ശ്രീമതി. സുമ.എസ് ക്ലർക്ക് ഉപയോഗിച്ച മാന്വൽരസീതികൾ പരിശോധിച്ചതിൽ 23.8.16 തീയതിയിൽ ഉപയോഗിച്ച 53974 രസീതിബുക്കിലെ 4 രസീതുകളിലെ തുകകൾ ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടില്ല.

| രസീതിബുക്ക് നം. | രസീതികൾ | തുക |
|---|---|---|
| 53974 | 29,30,31,32/23.8.16 | 767+500+500+48<br>=1815 |

തുക ഒടുക്കാത്തതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ അടിസ്ഥാനത്തിൽ 24/10/2016 ന് തുക അടവാക്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 2-2 ഡി& ഒ ലൈസൻസ് ഫീസ് -വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

തൃത്താല ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ കണ്ടെത്തി വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസില്ലാതെ ഏതെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുക ദുഷ്കരമാണ്. സ്വമേധയാ ലൈസൻസിന് അപേക്ഷിച്ച് വരുന്നവരിൽ നിന്നു മാത്രം ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കുന്ന സമ്പ്രദായമാണ് അനുവർത്തിച്ചു പോരുന്നത്. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 2014-15 വർഷത്തിൽ ഉണ്ടായിരുന്ന 431പഴയ സ്ഥാപനങ്ങളും 2015-16 വർഷത്തിൽ പുതിയതായി കണ്ടെത്തിയ 63 എണ്ണവും ഉൾപ്പെടെ ആകെ 494 സ്ഥാപനങ്ങളിൽനിന്നാണ്

ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ഡി& ഒ രജിസ്റ്റർ പ്രകാരം 2015-16 വർഷത്തിൽ ഡി&ഒ ലൈസൻസ് എടുത്ത വ്യാപാരികളുടെ എണ്ണം 377പേർ മാത്രമാണ്. ആയതിനാൽ ഈ കാലയളവിൽ 117 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ അനധികൃതമായാണ് പ്രവർത്തിച്ചിരിക്കുന്നത്. (പഞ്ചായത്ത് തയ്യാറാക്കിയിരിക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല)

അപേക്ഷകളിൽ ചിലതിൽ ദിവസേനയുള്ള വിറ്റുവരവ് ഉൾപ്പെടെയുള്ള കോളങ്ങൾ പൂരിപ്പിക്കാത്തവയാണ്. അതിനാൽ ലൈസൻസ് ഫീ ഈടാക്കിയിരിക്കുന്നത് ചട്ട പ്രകാരം തന്നെയാണോ എന്നും, ആയതിൽ പഞ്ചായത്തിന് നഷ്ടം പറ്റിയിട്ടുണ്ടോയെന്നും ഉറപ്പിക്കാനാവുന്നില്ല. ലൈസൻസികളിൽ നിന്നും ബാധകമായതിൽ ഉയർന്ന നിരക്ക് വാങ്ങാവുന്നതാണ്. കേ പ രാ ആക്ട് സെക്ഷൻ 232(1) പ്രകാരം ഗ്രാമ പഞ്ചായത്തു നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്കു വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ല. ഈ വ്യവസ്ഥ പ്രകാരം ഫീൽഡ് പരിശോധന നടത്തി വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വ്യാപാരസ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് ഫീസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

## 2-3 ആവശ്യമായ നിരാക്ഷേപ സർട്ടിഫിക്കറ്റുകളുടെ അഭാവത്തിൽ ഡി&ഒ ലൈസൻസ് നൽകി

അപകടകരവും ആപത്കരവുമായ വ്യവസായസ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുമുമ്പായി ഹാജരാക്കേണ്ട നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഹാജരാക്കാതെ ലൈസൻസ് അനുവദിച്ചതായി കാണുന്നു.

| അപേക്ഷാ നം. | പേര് | കച്ചവടസ്ഥാപനം | ഈടാക്കിയ ഫീസ് | രസീതി നം. |
|---|---|---|---|---|
| 250 | രാജേഷ്.പി, പുല്ലിത്തടത്തിൽ വീട് | കണ്ണനൂർ സോമിൽ | 300 | 11506100532/29.5.15 |
| 219 | മല്ലികാവിജയൻ, എരഞ്ഞിക്കാവിൽ, ഞാങ്ങാട്ടിരി | ഹോളോബ്രിക്സ് | 100 | 445/18.4.15 |
| 211 | ലീലാമണി, രാധാകൃഷ്ണൻ | ഹോളോബ്രിക്സ് | 100 | 445/18.4.15 |
| 354 | റസാക്ക്, ഫഴണിനായകുളം | ഇരുമ്പ് വെൽഡിംഗ് വർക്ക് ഷോപ്പ് | 100 | 3355/22.12.15 |
| 256 | ഫിറോസ് ഖാൻ, പിലാക്കൽ | ഹഫീസ് ലെതർ, തുകൽ കച്ചവടം | 1000 | 698/9.6.15 |
| 303 | ജയപ്രകാശ്, പുല്ലാനിപറമ്പിൽ | സിമെന്റ് ഗോഡൗൺ | 300 | 1469/30.7.15 |
| 313 | എം. സുരേഷ് ബാബു, | കൃഷികേന്ദ്ര | 200 | 1644/12.8.15 |

| | | | | |
|---|---|---|---|---|
| | മണ്ണിൽവീട്, | | | |
| 369 | മുഹമ്മദ് റിയാസ്, കിനങ്ങാട്ടിൽ | ഭാരത് ഗ്യാസ് | 1000 | 5086/16.3.16 |

എക്സ്പ്ളോസീവ് ലൈസൻസ്, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രം, ഫയർ ആന്റ് റസ്ക്യൂവിൽ നിന്നുള്ള സാക്ഷ്യപത്രം, സാനിട്ടറി സർട്ടിഫിക്കറ്റ് എന്നീ അവശ്യം വേണ്ട സർട്ടിഫിക്കറ്റ് ഇല്ലാതെ ലൈസൻസ് അനുവദിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 2-4 വസ്തു നികുതി ഡിമാന്റ്,അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പൂർത്തിയാക്കിയിട്ടില്ല

എ) വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്തിട്ടുണ്ടെങ്കിലും ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ പ്രിന്റ് എടുത്ത് പരിശോധനക്ക് ലഭ്യമാക്കിയില്ല. ഇവ കാലികമാക്കി അടുത്ത ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ബി)മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല.

മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിന് GO(Rt)No.2640/12/LSGD തിയതി 19-9-2012 പ്രകാരം ഉത്തരവായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 10 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല. നികുതി ഈടാക്കാത്തവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം. | ടവറിന്റെ ഉടമ | ഇൻസ്റ്റലേഷൻ നടത്തിയ വർഷം | ടവർ നമ്പർ |
|---|---|---|---|---|
| 1 | 8 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലി. | 2007-08 | IA |
| 2 | 8 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലി.ഇൻഡസ് ടവേഴ്സ് | 2007-08 | ലഭ്യമല്ല |
| 3 | 9 | എസ്.ആർ.ബാബു, വോഡഫോൺ | 2007-08 | 417F |
| 4 | 9 | സബ് ഡിവിഷണൽ എഞ്ചിനീയർ,ടെലികോം. | 2007-08 | ലഭ്യമല്ല |
| 5 | 6 | ഇൻഡ്യ മൊബൈൽ കമ്മ്യൂണിക്കേഷൻ | 2007-08 | 161/A |
| 6 | 6 | റിലയൻസ് ഇൻഫ്ര ടെക് ലി. | 2008-09 | 451G |
| 7 | 6 | ഇൻഡസ് ടവേഴ്സ് | 2009 | ലഭ്യമല്ല |
| 8 | 6 | സുദേവൻ വി.ഡി, വയർലെസ്.T.T | 2009 | 88/Q |
| 9 | 6 | ഡിഷ്ലെസ് വയർലെസ് | 2008-09 | ലഭ്യമല്ല |
| 10 | 2 | ബി എസ് എൻ എൽ | 2010-11 | ലഭ്യമല്ല |

മേൽപ്പറഞ്ഞ ടവറുകളുടെ വസ്തുനികുതി അസസ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ബിൽഡിംഗ് പെർമിറ്റ് -രജിസ്റ്ററിൽ പൂർണവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

എ) പൂർത്തീകരണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

പെർമിറ്റ് രജിസ്റ്ററിൽ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. 2015-16 വർഷത്തിൽ പെർമിറ്റ്കാലാവധി അവസാനിക്കുന്നതും നിർമാണം പൂർത്തിയാകാത്തതുമായ കെട്ടിടങ്ങളിൽ കാലാവധിക്കുശേഷം നടക്കുന്ന നിർമാണ പ്രവർത്തനങ്ങൾ അണോതറൈസ്ഡ് ആണെന്ന് കണ്ടെത്തി കെട്ടിടങ്ങളുടെ പെർമിറ്റ് പുതുക്കുന്നതിന് നോട്ടീസ് നൽകിയിട്ടില്ല. രജിസ്റ്ററിൽ പൂർത്തീകരണവിവരം രേഖപ്പെടുത്താത്തതിനാൽ ഇതു സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുക ദുഷ്കരമാവുന്നു. പൂർത്തീകരണവിവരം രേഖപ്പെടുത്താത്തതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷാ നം. | അപേക്ഷകന്റെ പേര് |
|---|---|
| 406/09,19.12.09 | മുഹമ്മദ് അഷ്റഫ് അലി, കനത്തിൽ, |
| 417/09,11.1.10 | രാമകൃഷ്ണൻ, അയ്യപ്പൻകാവിൽ |
| 442/09,9.2.10 | സതീഷ്നാഥ്, കക്കരത്ത് ഹൗസ് |
| 33/10, 23.4.10 | അബ്ദുൾ നാസർ, ഊക്കത്തൊടി ഹൗസ് |
| 296/10,31.12.10 | ബഷീർ.കല്ലിങ്ങൽവിള, |
| 5437/13,20.6.13 | നിസാമുദീൻ, |

ബി)അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം

പെർമിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം 2015-16 വർഷത്തിൽ ലഭിച്ച അപേക്ഷകളിൽ നിരവധി അപേക്ഷകൾ തീർപ്പുകൽപിക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. സ.ഉ.71395/RA2 /2009/LSGD,dtd-15.9.2010 പ്രകാരം സെക്രട്ടറി അനുമതി നൽകുന്ന അപേക്ഷകളിൽ നടപടി സ്വീകരിക്കേണ്ട സമയപരിധി 18 ദിവസമാണ്. പെർമിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം 60 അപേക്ഷകളിൽ തീർപ്പുകൽപിക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു.

നാളിതുവരെയും നടപടി പൂർത്തിയാക്കാത്ത കെട്ടിടങ്ങളുടെ ഉദാഹരണങ്ങൾ താഴെചേർക്കുന്നു.

1)അപേക്ഷാ നം. 3639/15/5.5.15 (അപേക്ഷകൻ-ബാലകൃഷ്ണൻ,ചോലക്കുണ്ടിൽ തുത്താല)

2)അപേക്ഷാ നം. 7146/15/9.10.15(രാമചന്ദ്രകുമാർ, തെക്കേ ചെറിയാത്ത്)

3)അപേക്ഷാ നം. 7330/15/26.10.15(സജിത്ത്,തായിവഴിയിൽ, തൃശ്ശൂർ)

പെർമിറ്റ് അനുവദിക്കുന്നതിനുള്ള/നിരസിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്.

സി) ക്രമവൽക്കരണത്തിനുള്ള കെട്ടിടങ്ങൾക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബിൽഡിംഗ് ക്രമവൽക്കരണത്തിന പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുകയോ പെർമിറ്റ് രജിസ്റ്ററിൽ ക്രമവൽകരണം സംബന്ധിച്ച് രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ക്രമവൽകരിച്ച കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ക്രമവൽക്കരിക്കുന്ന കെട്ടിടങ്ങളിൽ നിന്നും ബാധകമായ നിരക്കിൽ ഫീസ് വാങ്ങേണ്ടതും രജിസ്റ്ററിൽ എല്ലാ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 2-6 തൊഴിൽനികുതി- വ്യാപാര സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നില്ല

1996 ലെ കേ പ രാ (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, (ഫോം 6) പ്രകാരമുള്ള നോട്ടീസ് വ്യാപാര സ്ഥാപനങ്ങൾക്ക് നൽകുകയോ, വ്യാപാര സ്ഥാപനങ്ങൾ ഫോം 4 ൽ റിട്ടേണുകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. വ്യാപാരസ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അപേക്ഷയിൽ കാണിക്കുന്ന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഉടമയിൽ നിന്നു മാത്രമാണ് നികുതി ചുമത്തുന്നത് . ഇക്കാരണത്താൽ ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് പഞ്ചായത്തിന് അറിയാൻ സാധിക്കുന്നില്ല, കൂടാതെ അവരിൽ നിന്നെല്ലാം ലഭ്യമാകുമായിരുന്ന നികുതി തുക നഷ്ടപ്പെടുകയും ചെയ്യുന്നു. വ്യപാരസ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും തൊഴിൽനികുതി പരിധിയിൽ കൊണ്ടുവരുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി നികുതി ഈടാക്കുവാൻ ശ്രമിക്കേണ്ടതാണ്.

## 2-7 പരസ്യനികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിക്കുന്ന ഏതൊരു പരസ്യത്തിനും സർക്കാരിന്റെ അനുമതിയോടു കൂടി ഗ്രാമ പഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിൽ പരസ്യനികുതി ഈടാക്കി തനതു വരുമാനത്തിൽ വർദ്ധനവുണ്ടാക്കാമെന്നിരിക്കെ ആയതിന് തൃത്താല ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും നടപടിക്രമങ്ങൾ ഉണ്ടായിട്ടില്ല. പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പൊതുടാപ്പുകൾ, തെരുവു വിളക്കുകൾ- യഥാർത്ഥ എണ്ണം സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കുന്നില്ല.

1. ഗ്രാമ പഞ്ചായത്ത് വിവിധ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന, തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം 41200 രൂപ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിൽ ഒടുക്കുന്നുണ്ട്. എന്നാൽ പ്രവർത്തന നിരതമായ വിളക്കുകൾ സംബന്ധിച്ച കൃത്യമായ കണക്കുകൾ ഒന്നും തന്നെ പഞ്ചായത്തിൽ ലഭ്യമല്ല. പ്രവർത്തനക്ഷമമായ വിളക്കുകളുടെ വിശദാംശങ്ങളുമായി ബന്ധപ്പെട്ട സംയുക്ത പരിശോധന നടത്താതെ , വൈദ്യുതി ബോർഡ് നൽകുന്ന ഡിമാൻറ് നോട്ടീസനുസരിച്ചുള്ള തുക പഞ്ചായത്ത് ഒടുക്കി വരുന്നതായാണ് കാണുന്നത്.

   പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം , വൈദ്യുതി ബോർഡ് ഇഷ്യൂ ചെയ്ത ഡിമാന്റ് കാർഡിൽ വിളക്കുകളുടെ എണ്ണം . തരം എന്നിവ സംബന്ധിച്ച് താഴെ പറയും പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമനം | വിളക്കുകളുടെ തരം | എണ്ണം |
|---|---|---|
| 1 | 40 വാട്ട് ബൾബ് | 272 |
| 2 | ട്യൂബ് ( 80 watt) | 146 |
| 3 | CFL (36) | 263 |

| | | |
|---|---|---|
| 4 | SVL 500 watt | 57 |

എന്നാൽ നിലവിൽ വിളക്കുകളുടെ എണ്ണം സംബന്ധിച്ച വ്യക്തമായ രേഖകൾ ഒന്നും തന്നെ ഇല്ല.

നിലവിലില്ലാത്ത 78 വിളക്കുകൾക്ക് വേണ്ടി പഞ്ചായത്ത്, വർഷങ്ങളായി വൈദ്യുതി ചാർജ്ജ് ഒടുക്കി വരികയാണെന്നും , പഞ്ചായത്തും KSEB യും സംയുക്തമായി പരിശോധന നടത്തി യഥാർത്ഥത്തിലുള്ള വിളക്കുകളുടെ എണ്ണവും തരവും നിശ്ചയിക്കപ്പെടേണ്ടതുള്ളതിനാൽ പരിശോധന നടത്തുന്നതിന് സൗകര്യപ്രദമായ തീയ്യതി എത്രയും പെട്ടെന്ന് അറിയക്കണമെന്ന് കാണിച്ച കൊണ്ട് പഞ്ചായത്ത് KSEB ക്ക് 07/06 /16 ൽ കത്ത് നൽകിയിട്ടുണ്ട്.

( 2) അതുപോലെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം നിർണ്ണയിക്കുന്നതിനു വേണ്ടി സംയുക്ത പരിശോധന നടത്തുന്നതിന് സൗകര്യപ്രദമായ തീയ്യതി നിശ്ചയിച്ചറിയിക്കുന്നതിനു വേണ്ടി കേരളാ ജലഅതോറിറ്റിക്കും പഞ്ചായത്ത് കത്ത് നൽകിയതായി കാണുന്നു. നിലവിൽ യഥാർത്ഥ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ പഞ്ചായത്തിൽ ലഭ്യമല്ല. ഓരോ മാസവും 155313 രൂപ വീതം ജലഅതോറിറ്റിയിൽ ഒടുക്കിക്കൊണ്ടിരിക്കുന്നത് യാതൊരടിസ്ഥാനവുമില്ലാതെയാണ്. പൊതു ടാപ്പുകളുടെ ഉപയോഗം കുറച്ചുകൊണ്ടുവന്ന് ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകേണ്ടതാണ്. ആയതിനാൽ പഞ്ചായത്ത് ഫണ്ടിന് ഭീമമായ നഷ്ടം വരുത്തിക്കൊണ്ടിരിക്കുന്ന ഈ രണ്ട് വിഷയങ്ങളിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 പുതിയ ലൈറ്റുകൾ സ്ഥാപിക്കൽ - മുഴുവൻ CFL വിളക്കുകളും വിതരണം ചെയ്തിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പ്രൊജക്ട് നം. 20 – പുതിയ ലൈറ്റുകൾ സ്ഥാപിക്കൽ എന്ന പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിൽ CFLവിളക്കുകൾ സ്ഥാപിക്കുന്നതിനു വേണ്ടി ബിൽ നം. 28/23.3.16 പ്രകാരം 273527/- രൂപ പിൻവലിച്ച് CREWS -ൽ നിന്നും 174 വിളക്കുകൾ വാങ്ങുകയും ഡി.ഡി.നം. 321555/18.7.2016 പ്രകാരം CREWS -ന് തുക നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ട്രഷറി ബിൽ നം. 12/26.2.16 പ്രകാരം 26100/- രൂപ പിൻവലിച്ച് സൂപ്പർവിഷൻ ചാർജായി ഒരു വിളക്കിന് 150/-രൂപ പ്രകാരം 174 വിളക്കുകൾക്ക് 26100/- രൂപ KESB ഇലക്ട്രിക്കൽ സെക്ഷൻ, തൃത്താല(ഡി.ഡി.നം.530982/29.2.16) യിൽ ഒടുക്കിയിട്ടുണ്ട്. വാർഡ് മെമ്പർമാർ സമർപ്പിച്ച സാക്ഷ്യപത്രം പ്രകാരം 164 വിളക്കുകൾ ആണ് സ്ഥാപിച്ചിട്ടുള്ളത്. KSEB യുടെ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഭൗതിക പരിശോധനയിൽ പഞ്ചായത്ത് കെട്ടിടത്തിൽ വിളക്കുകളും അനുബന്ധ സാമഗ്രികളും സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തി. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/25.10.2016ന് ലൈറ്റുകൾ സ്ഥാപിക്കുന്ന സ്ഥലങ്ങളെ സംബന്ധിച്ച് പ്രശ്നങ്ങൾ ഉണ്ടായതിനാൽ സമയത്ത് സ്ഥാപിക്കുവാൻ സാധിച്ചില്ല. അതിനാൽ ലൈറ്റുകൾ സ്ഥാപിക്കാൻ വന്ന തൊഴിലാളികൾ തിരിച്ച പോവുകയാണുണ്ടായത്. ടി വിഷയത്തിൽ ധാരണയിലെത്തി പ്രസ്തുത ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ഭരണസമിതിയോട് ആവശ്യപ്പെടുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥാപിക്കാൻ അവശേഷിക്കുന്ന 10 ലൈറ്റുകൾ കൂടി സ്ഥാപിച്ച് KSEB, CREWS എന്നിവിടങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-3 വി.ഇ.ഒ. ഓഫീസിലേക്ക് നൽകിയ കമ്പ്യൂട്ടർ

**ഉപയോഗപ്രദമാക്കേണ്ടതാണ്.**

പ്രൊജക്ട് നം. 24-പഞ്ചായത്ത് ഓഫീസിലേക്കും വി.ഇ.ഒ. ഓഫീസിലേക്കും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പദ്ധതിയിൽ ട്രഷറി ബിൽ നം. 31/31.3.16 പ്രകാരം 156670/- രൂപ പിൻവലിച്ച് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ഇതിൽ 1 കമ്പ്യൂട്ടറും പ്രിന്ററും വി.ഇ.ഒ.യ്ക്ക് നൽകിയിട്ടുണ്ട്. ഭൗതിക പരിശോധനയിൽ കമ്പ്യൂട്ടർ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തി. കമ്പ്യൂട്ടർ ഉപയോഗിക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/27.10.2016ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കമ്പ്യൂട്ടർ ഉപയോഗിക്കാനാവശ്യമായ വയറിംഗ് നടത്തി കമ്പ്യൂട്ടർ എത്രയും പെട്ടെന്ന് ഉപയോഗയോഗ്യമാക്കേണ്ടതാണ്.

## 3-4 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - വികസന ഫണ്ട് (ജനറൽ) -250000/-

തനതു ഫണ്ട് - 100000/-

-------------

ആകെ - 350000/-

==========

ചെലവ് - 1. 250000/- (ബിൽ നം. 8/27.9.15),

2. 100000/- (ഡി.ഡി.നം.946830/19.2.16)

എ.ബി.സി. പ്രോഗ്രാം -തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി (പ്രൊജക്ട് നം. 269/15-16) എന്ന പദ്ധതി നടത്തിപ്പിനു വേണ്ടി 350000/- രൂപ പിൻവലിച്ച് സെക്രട്ടറി, ജില്ലാ പഞ്ചായത്തിനു ഡി.ഡി.നം. 530534/3.2.2016 -250000/-, ഡി.ഡി.നം. 946830/19.2.16 – 100000/- എന്നിവ പ്രകാരം നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-5 ഭവനം പുനരുദ്ധാരണം ( എസ്.സി.) സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല

പ്രൊജ.നം 49/ 15-16 (സ്പിൽ ഓവർ)

വീട് റിപ്പയർ ( പട്ടിക ജാതി)

അടങ്കൽ 412500 ( 2014-2015)

412500 ( 2015-2016)

ആകെ 825000 ( എസ്.സി.പി.)

ചെലവ് (1) 412500 (2014-2015 )

ബിൽ നമ്പർ 04/ 24.03.15

(5000 രൂപ ചലാൻനമ്പർ 02/ 10.08.2015 പ്രകാരം പിന്നീട്

തിരിച്ചടച്ചതിനാൽ യഥാർത്ഥ ചെലവ് 407500 രൂപ)

(2) ബിൽ നമ്പർ 01/2015-2016 -തീ. 21.07.15 – തുക 407500

മേൽ പറഞ്ഞ പ്രൊജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 39 ഗുണഭോക്താക്കൾക്ക് വീട് അറ്റകുറ്റപ്പണികൾ തീർക്കുന്നതിനു വേണ്ടി 10,000 രൂപ വീതവും, 17 ഗുണഭോക്താക്കൾക്ക് വീട് പ്ലാസ്റ്റർ ചെയ്യുന്നതിനുവേണ്ടി 25000 രൂപ വീതവും രണ്ട് തുല്യഗഡുക്കളായി 2014-2015, 2015-2016 എന്നീവർഷങ്ങളിൽ നൽകിയിട്ടുണ്ട്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) 362/ 2013 ത.സ്വ.ഭ.വ തീ. 16.11.13, സർക്കാർ ഉത്തരവ് 4/ 2016 തീ. 11.01 2016 എന്നി വ പ്രകാരം ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചിരിക്കണം.

1. വീട് വാസയോഗ്യമാണെങ്കിലും അറ്റകുറ്റപ്പണികൾ അനിവാര്യമാണെന്ന് ഉറപ്പു വരുത്തിയിരിക്കണം.
2. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഓരോ വീടിന്റേയും അറ്റകുറ്റപ്പണിക്ക് എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കി സമർപ്പിക്കണം.
3. LSGD എഞ്ചിനീയർ / ഓവർസിയർ അളവ് എടുത്ത ശേഷമായിരിക്കണം സബ്സിഡി നൽകേണ്ടത്.
4. തുക ഭാര്യയുടേയും ഭർത്താവിന്റേയും പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം
5. പുതിയ വീട് നിർമിച്ച് 12 വർഷം കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിനർഹതയുള്ളൂ.
6. മുമ്പ്, ഭവനം പുനരുദ്ധാരണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിൽ 6 വർഷത്തിനു ശേഷം മാത്രമേ ഈയിനത്തിൽ ആനുകൂല്യം നൽകാൻ പാടുള്ളൂ.

എന്നാൽ ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട് ഓഡിറ്റിനു സമർപ്പിച്ച രേഖകൾ പരിശോധിച്ചപ്പോൾ , മുകളിൽ പറഞ്ഞ സബ്സിഡി മാനദണ്ഡങ്ങളൊന്നും പാലിച്ചിട്ടില്ല എന്നു കാണുന്നു. .

സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കപ്പെട്ടത് പ്രകാരം , എസ്റ്റിമേറ്റ് , വാല്യുവേഷൻ, നിശ്ചയിക്കപ്പെട്ട മുൻകാലയളവിൽ സാമ്പത്തികാനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്ന രേഖകൾ എന്നിവ ലഭ്യമാക്കാത്തതിനാൽ സബ്സിഡിയാനുകൂല്യം ദുരുപയോഗം ചെയ്യപ്പെട്ടിട്ടില്ലെന്നും അനർഹമായി ആനുകൂല്യം നൽകപ്പെട്ടില്ല എന്നും ഉറപ്പാക്കാനാവില്ല. ആയതിനാൽ മേൽ പറഞ്ഞ, സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരമുള്ള രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി ഈ പ്രൊജക്ടിനു വേണ്ടി ചെലവഴിച്ച 815000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(b) ഭവനം റിപ്പയറിനുവേണ്ടി 10000 രൂപ വീതം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ എല്ലാവരും 20,000 രൂപ വീതം ചെലവു വന്നതായി കാണിക്കുന്ന വാല്യേഷൻ സാക്ഷ്യപത്രങ്ങളുടെ പകർപ്പുകളാണ് ലഭ്യമാക്കിയിരിക്കുന്നത്. അതായത് മൂല്യ നിർണ്ണയ സാക്ഷ്യപത്രങ്ങളിൽ ഗുണഭോക്താവിന്റെ , പേരും മേൽവിലാസവും മാത്രമേ മാറിയിട്ടുള്ളൂ. സമർപ്പിച്ച സാക്ഷ്യ പത്രങ്ങളെല്ലാം ഒന്നു തന്നെ. ഇത്തരത്തിൽ പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിനു വേണ്ടി മാത്രം രേഖകൾ നിർമിക്കുന്ന രീതി അഭിലഷണീയമല്ല ഭാവിയിൽ , യഥാർത്ഥത്തിൽ ചെലവഴിക്കപ്പെട്ട തുക തന്നെയാണ് മൂല്യനിർണ്ണയം ചെയ്യപ്പെട്ടിട്ടുള്ളത് എന്ന് ബന്ധപ്പെട്ട സാങ്കേതികോദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

# 3-6 വി.ഇ.ഒ. നടപ്പാക്കിയ ഭവനം പുനരുദ്ധാരണം പ്രൊജക്ടുകൾ -

## സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല.

തൃത്താല ഗ്രാമ പഞ്ചായത്ത് - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2015-2016 സാമ്പത്തിക വർഷത്തിൽ ഭവനം പുനരുദ്ധാരണത്തിനു വേണ്ടി സ്പിൽഓവർ ഉൾപ്പെടെ 3 പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(A)പ്രൊജക്ട് നം. 98/ 16

പ്രൊജക്ടിന്റെപേര് – വീട് റിപ്പയർ(ജ)

ഗുണഭോക്താക്കളുടെ എണ്ണം 85

അടങ്കൽ 425000 രൂപ ( 2014-2015 )

425000 രൂപ ( 2015-2016)

ആകെ 850000 രൂപ

ചെലവ് (1) 425000 രൂപ ( ബിൽ നമ്പർ 04/14-15

തീ. 26.03.15

( 2) 425000 രൂപ ബിൽ നമ്പർ 01/ 15-16 തീ. 12.08.15

315000 രൂപ & ബിൽ നമ്പർ 02/15-16 തീ. 13.8.15

110000 രൂപ.

(B) പ്രൊജക്ട് നം. 29/ 16

പ്രൊജക്ടിന്റെപേര് വീട് – റിപ്പയർ(ജ) പുതിയത്

ഗുണഭോക്താക്കളുടെ എണ്ണം 60

അടങ്കൽ 650000

ആകെ 650000 രൂപ

ചെലവ് 300000 രൂപ

(ബിൽ നമ്പർ 03/16 തീ. 31.1.16 തുക 50000 രൂപ

ബിൽ നമ്പർ 07/16 തീ. 24.2.16തുക – 85000 രൂപ

ബിൽ നമ്പർ 10/16 തീ. 21.3.16 തുക 45000 രൂപ

ബിൽ നമ്പർ 11/16 തീ. 30.3.16 തുക 40000 രൂപ

ബിൽ നമ്പർ 13/16 തീ. 31.3.16 തുക 80000 രൂപ

(C) പ്രൊജക്ട് നം. 113/ 16

പ്രൊജക്ടിന്റെപേര് – വീട് റിപ്പയർ(ജ) വനിത സ്പിൽ ഓവർ

ഗുണഭോക്താക്കളുടെ എണ്ണം 34

അടങ്കൽ 200000

ചെലവ് 170000 രൂപ

(ബിൽ നമ്പർ 04/16 തീ. 30.1.16 തുക 30000 രൂപ

ബിൽ നമ്പർ 19/16 തീ. 23.02.16 തുക 70000 രൂപ

ബിൽ നമ്പർ 14/16 തീ. 31.3.16 തുക 70000 രൂപ

ഈ പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

(1) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) 362/ 2013 ത.സ്വ.ഭ.വ തീ. 16.11.13, സർക്കാർ ഉത്തരവ് 4/2016 തീ. 11.01.2016 എന്നിവ പ്രകാരം ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചിരിക്കണം.

1. വീട് വാസയോഗ്യമാണെങ്കിലും അറ്റകുറ്റപ്പണികൾ അനിവാര്യമാണെന്ന് ഉറപ്പു വരുത്തിയിരിക്കണം.
2. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഓരോ വീടിന്റേയും അറ്റകുറ്റപ്പണിക്ക് എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കി സമർപ്പിക്കണം. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല.
3. പഞ്ചായത്തിന്റെ പൊതുമരാമത്ത് വിഭാഗം ഓവർസിയർ തയ്യാറാക്കി സമർപ്പിച്ച മൂല്യനിർണ്ണയ സാക്ഷ്യപത്രങ്ങൾ പ്രകാരം എല്ലാ ഗുണഭോക്താക്കൾക്കും 20000 രൂപയാണ് ചെലവു വന്നിരിക്കുന്നത് . ഓരോ വീടുകൾക്കും അനിവാര്യമായ അറ്റകുറ്റപ്പണികളിൽ വ്യത്യാസമുണ്ടാകുമെന്നിരിക്കെ ഒരേ തുക തന്നെ ചെലവു വരുന്നത് വിശ്വസനീയമല്ല.
4. തുക ഭാര്യയുടേയും ഭർത്താവിന്റേയും പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം. എന്നാൽ ഗുണഭോക്താവിന്റെ പേരിൽ മാത്രമാണ് തുക നൽകിയിരിക്കുന്നത്.
5. പുതിയ വീട് നിർമിച്ച് 12 വർഷം കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിനർഹതയുള്ളൂ. ഇത്തരത്തിൽ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ധനസഹായത്തിനർഹത ദുരുപയോഗം ചെയ്യപ്പെട്ടിട്ടില്ലെന്ന് ഉറപ്പാക്കാനാവുന്നില്ല.
6. മുമ്പ്, ഭവനം പുനരുദ്ധാരണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിൽ 6 വർഷത്തിനു ശേഷം മാത്രമേ ഈയിനത്തിൽ ആനുകൂല്യം നൽകാൻ പാടുള്ളൂ. ഈ നിബന്ധനയും പാലിക്കപ്പെട്ടതായി കാണുന്നില്ല.

ഇപ്രകാരം, എസ്റ്റിമേറ്റ്, ശരിയായ വാല്യുവേഷൻ, നിശ്ചയിക്കപ്പെട്ട മുൻകാലയളവിൽ സാമ്പത്തികാനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്ന രേഖകൾ എന്നിവ ലഭ്യമാക്കാത്തതിനാൽ സബ്സിഡിയാനുകൂല്യം ദുരുപയോഗം ചെയ്യപ്പെട്ടിട്ടില്ലെന്നും അനർഹമായി ആനുകൂല്യം നൽകപ്പെട്ടിട്ടില്ല എന്നും ഉറപ്പാക്കാനാവില്ല. ആയതിനാൽ ഇക്കാര്യത്തിൽ എന്തെങ്കിലും വിശദീകരണമോ, രേഖകളോ സമർപ്പിക്കാനുണ്ടെങ്കിൽ ആയവ 25.10.2016 ന് ഓഡിറ്റ് മുമ്പാകെ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 24-10-2016ന് ഓഡിറ്റ് അന്വേഷണത്തിന് സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ എല്ലാം തന്നെ ഉറപ്പു വരുത്തിയിട്ടുണ്ടെന്ന് മറുപടി സമർപ്പിച്ചു. എന്നാൽ സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരമുള്ള സാക്ഷ്യപത്രവും എസ്റ്റിമേറ്റും ഹാജരാക്കാത്ത സാഹചര്യത്തിൽ ആയവ ഹാജരാക്കുന്നതിനു വിധേയമായി ആകെ തുകയായ 1320000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-6 -

(ഡ്യൂപ്ലിക്കേഷൻ)

## 3-7 ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ പദ്ധതികൾ- രേഖകൾ ഹാജരാക്കിയില്ല- ചെലവു തുക തടസ്സപ്പെടുത്തുന്നു

2015-2016 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹിച്ച പ്രൊജക്ടുകൾ- രേഖകൾ ഹാജരാക്കിയില്ല - ചെലവു തുക തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രൊജ.നം | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് തുക, ബിൽ നം, തീയ്യതി | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|---|
| 1 | S/ 0026/ 16 | SSA പഞ്ചായത്ത് വിഹിതം | 416282 (വി.ഫ) | 416282 നം. 02/16 തീ. 06.11.15 | ബന്ധപ്പെട്ടഅധികാരികളിൽ നിന്നുള്ളവിനിയോഗ സാക്ഷ്യ പത്രം |
| 2 | 27/ 16 | പത്താംതരം തുല്യതാ പഠനം | 12000 | 12000 നം. 03/16 തീ. 31.03.16 | (1) തെരഞ്ഞെടുക്കപ്പെട്ട പഠിതാക്കളെ ഗ്രാമ സഭ അംഗീകരിച്ച ലിസ്റ്റ് (2) പഠിതാക്കൾ പരീക്ഷക്ക് ഹാജരായതിന്റെ/കോഴ്സ് വിജയകരമായി പൂർത്തി യാക്കിയതുമായി ബന്ധപ്പെട്ട സാക്ഷ്യപത്രം |

മേൽ പറഞ്ഞ രേഖകൾ 26.10.16 ന് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റിന്റെ റിക്വിസഷൻ (4/25.10.16) അധികൃതർ മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി ചെലവു തുക 428282/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 വി.ഇ.ഒയുടെ വിവിധ അക്കൗണ്ടുകളിലവശേഷിക്കുന്ന മുതനിക്ഷേപങ്ങൾ- അതത് ശീർഷകങ്ങളിൽ തിരിച്ചടക്കണം

വി.ഇ.ഒ.യുടെ വിവിധ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന വിവിധ തുകകൾ നാളിതുവരെ തിരിച്ചടച്ചിട്ടില്ല. ആയത് തിരിച്ചടക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

തൃത്താല ഗ്രാമ പഞ്ചായത്ത് വി.ഇ.ഒ.യുടെ പേരിലുള്ള രണ്ട് അക്കൗണ്ടുകളിൽ താഴെ പറയുംവിധം യാതൊരു ഇടപാടുകളും നടക്കാതെ വിവിധ തുകകൾ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ

താഴെ കൊടുക്കുന്നു.

| ക്രമ നം | ബാങ്ക് അക്കൗണ്ട്നം | ബാങ്കിന്റെ പേര് | വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | 17433 | തൃത്താല സർവ്വീസ് സഹകരണ ബാങ്ക്, തൃത്താല ശാഖ. | 2248894/- രൂപ (31.03.16-ലെ നീക്കിയിരുപ്പ്) |
| 2 | 0742101027120 | കനറാ ബാങ്ക് , തൃത്താല ശാഖ | 79530/- രൂപ (31.07.2016-ലെ നീക്കിരുപ്പ്) |

(A) മേൽ പറഞ്ഞ തുകകളിൽ ക്രമനമ്പർ (1) പ്രകാരമുള്ള തുക M.N ലക്ഷംവീട് നിർമാണത്തിന വേണ്ടി ലഭിച്ച തുകയാണ്. ഈ തുക പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ 02.09 2011 ൽ വരവ് വന്നതാണ്. നാളിതുവരെ ഈ അക്കൗണ്ടിൽ യാതൊരിടപാടുകളും നടന്നിട്ടില്ല. ഈ തുക തിരിച്ചടക്കുന്നതിന് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ തുക വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുകയോ , തുക തിരിച്ചടക്കുകയോ ചെയ്തിട്ടില്ല. പൊതു ഫണ്ടിൽ നിന്നും വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്ക പ്പെടേണ്ട തുക വിനിയോഗിക്കപ്പെടുകയോ തിരിച്ചടക്കുകയോ ചെയ്യാതെ ഇത്രയും കാലം ബാങ്ക് അക്കൗണ്ടിലവ ശേഷിക്കുന്നത് നിയമവിരുദ്ധമായ നടപടിയാണ്.

ഈ തുകയുടെ വിനിയോഗവുമായി ബന്ധപ്പെട്ട്, നിർവ്വഹണോദ്യോഗസ്ഥയായ വി.ഇ.ഒ . ഗ്രാമ പഞ്ചായത്തിന് താഴെ പറയുന്ന വിവരങ്ങൾ കാണിച്ചുകൊണ്ട് കത്ത് നൽകിയതായി കാണുന്നു.

" 2011-2012 മുതൽ തുടർന്നു വരുന്ന ഈ പ്രൊജക്ട് ഗുണഭോക്തൃ ലിസ്റ്റ് ഇല്ലാത്തതിനാലും ലക്ഷം വീടിലുള്ളവർക്ക് സ്ഥലം കൃത്യമായി അളന്നു നൽകാത്തതിനാലും നടപ്പിലാക്കിയിട്ടില്ല. ഇത്രയും തുക അലസമായി കിടക്കുന്നത് നീതീകരിക്കാത്തതാകയാൽ പദ്ധതി നടത്തിപ്പിനുള്ള സാങ്കേതിക തടസ്സങ്ങൾ നീക്കുകയോ തുക തിരിച്ചടക്കാനുള്ള കമ്മറ്റി തീരുമാനം ലഭ്യമാക്കുകയോ ചെയ്യണമെന്നപേക്ഷിക്കുന്നു."

എന്നാൽ നാളിതുവരെ പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

(B) ക്രമ നം. (2) കനറാ ബാങ്ക് അക്കൗണ്ട് നം.27120 ലുള്ള 79530/- രൂപ ഏത് ഏജൻസിയിൽ നിന്നും എന്താവശ്യത്തിന് ലഭ്യമായ തുകയാണെന്നത് സംബന്ധിച്ച യാതൊരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമായ ബാങ്ക് പാസ്സ് ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം 21.03.14 ന ശേഷം ഈ അക്കൗണ്ടിൽ പലിശ വരവല്ലാതെ യാതൊരിടപാടുകളും നടന്നിട്ടില്ല. തിരിച്ചടക്കാതെ അവശേഷിക്കാനുള്ള കാരണവും വ്യക്തമല്ല. വിശദീകരണമാവശ്യപ്പെട്ട കൊണ്ട് 27.10.2016 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സമർപ്പിച്ച മറുപടിയിൽ, രേഖകൾ കണ്ടെടുത്തു സമർപ്പിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകി.

ആയതിനാൽ വിനിയോഗിക്കപ്പെടാതെ അവശേഷിക്കുന്ന മേൽ പറഞ്ഞ തുകകൾ അതതിന്റെ ശീർഷകങ്ങളിൽ തിരികെ ഒടുക്കി വിവരം തെളിവു സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-9 MGNREGS- പണിയായുധങ്ങൾ റിപ്പയർ ചെയ്യുന്നതിനനുവദിച്ചതും - ചെലവഴിക്കപ്പെടാതെ

<u>അവശേഷിക്കുന്നതുമായ തുക തിരിച്ചടയ്ക്കണം.</u>

ദേശീയ തൊഴിലുറപ്പ് പദ്ധതി - വിവിധ പ്രൊജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്ന പണിയായുധങ്ങൾ റിപ്പയർ ചെയ്യുന്നതിനും, ആയുധങ്ങൾ മൂർച്ച കൂട്ടുന്നതിനും വേണ്ടി വിനിയോഗിക്കുന്നതിന് പഞ്ചായത്തിന്റെ കുടുബശ്രീ CDS ന് അനുവദിച്ച തുകയിൽ, 31.07.2016 തീയ്യതിയിൽ 416486/- രൂപ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നുണ്ട്. 30.03.2009 ൽ ആരംഭിച്ച ഈ അക്കൗണ്ടിൽ നിന്ന് 15.06.2012 ന ശേഷം നാളിതുവരെ യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. തുകയാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകളും നിലവിലില്ല. ആയതിനാൽ നാലു വർഷത്തിലധികമായി വിനിയോഗിക്കപ്പെടാത്ത ഈ തുക ബന്ധപ്പെട്ട NREGS ശീർഷകത്തിലൊടുക്കി, വിവരം തെളിവു സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 <u>കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കണം.</u>

കന്നു കുട്ടി പരിപാലനം -വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണം.

പ്രൊജ.നം - 02/16

പ്രൊജ. പേര് -കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽ -312500 ( വി.ഫ)

ചെലവ് -312500 ( ബിൽ നമ്പർ 02/16 തീ. 28.03.16).

2015-2016 സാമ്പത്തിക വർഷത്തിൽ, കന്നുകുട്ടി പരിപാലന പദ്ധതി നിർവ്വഹണത്തിന വേണ്ടി പ്ലാൻ ഫണ്ടിൽ നിന്നും 312500/- രൂപ പിൻവലിച്ച് അസി.ഡയറക്ടർ, കന്നുകുട്ടി പരിപാലന പദ്ധതി, പാലക്കാടിന് നൽകിയിട്ടുണ്ട്. ഈ തുകയുടെ ചെലവു സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. പ്രൊജക്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണെന്നാണ് നിർവ്വഹണോദ്യോഗസ്ഥനായ വെറ്ററിനറി സർജൻ അറിയിച്ചത്.

പദ്ധതി നിർവ്വഹണം തീരുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 3-11 <u>അംഗൻവാടി പോഷകാഹാര വിതരണം- പാചകവാതകത്തിന്റെ ഉപയോഗം- സബ്സിഡി തുക പഞ്ചായത്തിന് ലഭിക്കുന്നില്ല.</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അംഗൻവാടികളിൽ പാചക വാതകം ലഭ്യമാക്കുന്നത് ഗാർഹിക കണക്ഷൻ അടിസ്ഥാനത്തിലാണ്. ഓരോ അംഗൻവാടിയും ശരാശരി രണ്ട് മാസത്തിലൊരിക്കൽ പാചക വാതക സിലിണ്ടർ റീ-ഫിൽ ചെയ്യുന്നുണ്ട്.

എന്നാൽ ഗാർഹിക കണക്ഷൻ രീതിയിൽ പാചകവാതകം നിറച്ച വാങ്ങുമ്പോൾ സബ്സിഡിയിനത്തിൽ നിയമാനുസൃതമായി ലഭിക്കേണ്ട ഭീമമായ തുക പഞ്ചായത്തിന് ലഭ്യമാകാതെ പോകുന്നു.

അംഗൻവാടികൾക്ക് അനുവദിക്കപ്പെട്ട പാചകവാതക കണക്ഷൻ ആധാർ നമ്പറുമായി ബന്ധിപ്പിക്കാതെ സബ്സിഡി ആനുകൂല്യം ലഭ്യമാക്കാൻ കഴിയുകയില്ല എന്ന് എണ്ണക്കമ്പനികൾ അറിയിച്ചതായി നിർവ്വഹണോദ്യോഗസ്ഥ പറയുന്നു. അംഗൻവാടി പ്രവർത്തകരുടെ ആധാർ നമ്പറിൽ അവരുടെ വ്യക്തിഗത കണക്ഷൻ നിലവിലിരിക്കെ അത് സാധ്യമല്ലാത്ത അവസ്ഥ നിലനിൽക്കുന്നു. ഈ സാങ്കേതികമായ പ്രതിസന്ധി മറികടക്കാൻ ക്രിയാത്മകമായ നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

## 3-12 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി- നാളിതുവരെ മരുന്നുകൾ, ഉപകരണങ്ങൾ ലഭ്യമായിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

പ്രൊജക്ട് നം. – 9/15

2015-16 വർഷത്തിൽ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ എന്ന പദ്ധതിയിൽ മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനു വേണ്ടി ബിൽനം.9/19.2.16 പ്രകാരം 101993/- രൂപ പിൻവലിച്ച് ഡി.ഡി.നം. 530961/29.2.16 പ്രകാരം കാരുണ്യ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകളും ഉപകരണങ്ങളും മാത്രമേ ലഭ്യമായിട്ടുള്ളൂ.

| ഇൻവോയ്സ് നം./ തിയതി | തുക |
|---|---|
| 84863/10.3.16 | 12717 |
| 5398/28.3.16 | 6681 |
| 84857/10.3.16 | 26514 |
| ആകെ | 45912 |

56081/- രൂപയുടെ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ നാളിതുവരെയും ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/25.10.2016ന് ഫോൺ മുഖാന്തിരം പലതവണ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല എന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. മരുന്ന് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ലഭ്യമായതിനുശേഷം ബില്ലുകളും സ്റ്റോക്കും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-14 ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പാലിച്ചില്ല

സംസ്ഥാന ആസൂത്രണ ബോർഡ് 1999 ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയും തുടർന്ന് പുറത്തിറങ്ങിയ ഉത്തരവുകളും പ്രകാരം ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഈ വ്യവസ്ഥകൾ കൺവീനറുമായി ഏർപ്പെട്ട കരാറിലും ഉൾപ്പെടുത്തിയിട്ടുണ്ട്.
ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികളിൽ താഴെ പറയുന്ന സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1. ഗുണഭോക്താക്കൾ യോഗം ചേർന്ന് ഒരു പ്രവൃത്തി നിർവഹണകമ്മിറ്റിയും ആ കമ്മിറ്റിക്ക് ഒരു ചെയർമാനേയും കൺവീനറേയും തെരഞ്ഞെടുക്കണം. മാത്രമല്ല പണി തൃപ്തികരമായി പൂർത്തിയാക്കുന്നതുവരെ സമിതി ആഴ്ചയിലൊരിക്കൽ യോഗം ചേരുകയും വൗച്ചറുകൾ പാസ്സാക്കുകയും പുരോഗതി വിലയിരുത്തുകയും തീരുമാനങ്ങൾ മിനിട്സിൽ രേഖപ്പെടുത്തുകയും വേണം. എന്നാൽ ഇപ്രകാരം ചെയ്തതിന്റെ മിനിട്സ് സൂക്ഷിക്കുന്നില്ല.

2.എഞ്ചിനീയർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ച് കരാർ ഉടമ്പടിയിലെ നിരക്കുകൾ അനുസരിച്ചുള്ള ബിൽതുകയോ ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണ് കുറവ് അതാണ് സമിതിക്ക് നൽകുക. പ്രവൃത്തി പൂർത്തിയാക്കിയാലുടനെ തന്നെ വരവ് ചെലവ് കണക്ക് പുസ്തകം, വൗച്ചറുകൾ, മസ്റ്റർ റോളുകൾ ,മിനിട്സ് പുസ്തകം എന്നിവ പഞ്ചായത്തിൽ ഹാജരാക്കണം. മാത്രമല്ല, സാധനങ്ങൾ വാങ്ങുമ്പോൾ വ്യക്തികളിൽ നിന്നായാലും സ്ഥാപനങ്ങളിൽ നിന്നായാലും സാധനങ്ങളുടെ അളവ്, നിരക്ക്, മൊത്തം വില, തിയതി എന്നിവ രേഖപ്പെടുത്തിയ ക്യാഷ് ബില്ലോ രശീതിയോ വേണം. സിമന്റ്,കമ്പി,ബിറ്റുമിൻ തുടങ്ങിയ സാധനങ്ങൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങാൻ പാടുള്ളൂ. അവ കൂടി പരിശോധിച്ചതിനു ശേഷം വേണം ഫൈനൽ ബിൽ നൽകേണ്ടത്. മസ്റ്റർ റോളുകൾ, കൈപ്പറ്റു രശീതികൾ, ബില്ലുകൾ, മിനിട്സ് ബുക്കുകൾ എന്നിവ നിർവ്വഹണഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം

3. പണമിടപാടുകൾ ഗുണഭോക്തൃസമിതി ചെയർമാന്റെയും കൺവീനറുടേയും പേരിൽ ആരംഭിക്കുന്ന ജോയിന്റ് അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ. എന്നാൽ ഇപ്രകാരം അക്കൗണ്ട് ആരംഭിച്ചതിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല.

4. ഗുണഭോക്തൃ സമിതിയിലെ എല്ലാ അംഗങ്ങളും ചേർന്ന് പഞ്ചായത്തുമായി കരാർ ഉടമ്പടി വെക്കണം. അപ്രകാരം ചെയ്തിട്ടില്ല.

മാർഗ്ഗരേഖ ലംഘിച്ചു നടത്തിയ പ്രവൃത്തികൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രോജക്ടിന്റെ നമ്പർ, പേര്, അടങ്കൽ തുക | കൺവീനറുടെ പേര്, കരാർ നം | അളവു പുസ്തകം | വൗച്ചർനം/ ട്രഷറി ബിൽ നം., തിയതി | തുക₹ | കുറിപ്പുകൾ |
|---|---|---|---|---|---|---|
| 1 | 206/16 മുണ്ടനാട് കുടിവെള്ള പദ്ധതി ₹.159231 | പി.വി.ഷംസുദ്ദീൻ 36/AE/LSGD /TLA/10.3.15 | 23/14-15 | 60/31.3.16 | 150938 | അക്കൗണ്ട് വഴി പണമിടപാട് നടത്തിയതിന്റെ രേഖകൾ ഇല്ല. എഗ്രിമെന്റിൽ കൺവീനർ മാത്രം ഒപ്പിട്ടിരിക്കുന്നു. |

| | | | | | | |
|---|---|---|---|---|---|---|
| 2 | ഉള്ളാംപുഴ കുടിവെള്ള പദ്ധതി ₹.450000 | വി.പി.വേലായുധൻ 33/AE/LSGD /TLA/9.3.15 | 37/14-15 | 3/13.7.15 | 399157 | മിനുട്സ്, വരവ് ചെലവ് കണക്കുകൾ എന്നിവ ഇല്ല. അക്കൗണ്ട് വഴി പണമിടപാട് നടത്തിയതിന്റെ രേഖകൾ ഇല്ല. എഗ്രിമെന്റിൽ കൺവീനർ മാത്രം ഒപ്പിട്ടിരിക്കുന്നു. |
| 3 | വട്ടോളി തുറന്ന കിണർ റിപ്പയർ | പി.രാമകൃഷ്ണൻ 9/AE/LSGD /TLA/15-16/8.9.15 | | 16/20.1.16-, 12/31.12.15 | 58350 | അംഗീകൃത ഡീലറിൽ നിന്നും സിമന്റ് വാങ്ങിയിട്ടില്ല. മിനുട്സ് ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. വരവു ചെലവു കണക്കുകൾ സൂക്ഷിച്ചിട്ടില്ല. അക്കൗണ്ട് വഴി പണമിടപാട് നടത്തിയതിന്റെ രേഖകൾ ഇല്ല. എഗ്രിമെന്റിൽ കൺവീനർ മാത്രം ഒപ്പിട്ടിരിക്കുന്നു. |

ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

## 3-14 കുടുംബശ്രീ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ തിരിച്ചടക്കണം

31.3.16 തീയതിയിൽ ആശ്രയ അക്കൗണ്ടിൽ 377328 (അക്കൗണ്ട് നം.34213, കനറ ബാങ്ക്) രൂപയും സി ഡി എസ് അക്കൗണ്ടിൽ 2331687.45 (അക്കൗണ്ട് നം.26880, കനറ ബാങ്ക്) രൂപയും നീക്കിയിരിപ്പുണ്ട്. ഈ തുകകൾ ഏത് പദ്ധതികൾക്കു വേണ്ടി, എവിടെ നിന്ന് ലഭ്യമായതാണെന്നും ലഭ്യമായ തുകയിൽ ചെലവഴിച്ച തുക സംബന്ധിച്ചും വ്യക്തമായ കണക്കുകൾ ലഭ്യമല്ല. പ്ലാൻ ഫണ്ട് വരവ് ചെലവുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം ആശ്രയ പദ്ധതിക്കായി 2012വർഷത്തിൽ വരവായ തുകയിൽ 131500 രൂപയും കുടുംബശ്രീ റിവോൾവിംഗ് ഫണ്ടിനത്തിൽ വരവായ 100000 രൂപയും ചെലവഴിക്കാതെ അവശേഷിക്കുന്നു.

മേൽപ്പറഞ്ഞ നീക്കിയിരിപ്പ് തുകയിൽ അവശേഷിക്കുന്ന പ്ലാൻ ഫണ്ട് തുകയുടെ കൃത്യമായ കണക്ക് കണ്ടെത്തി തുക തിരിച്ചടക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 3-15 കേന്ദ്രഫണ്ട് ചെലവഴിക്കാത്ത തുക പദ്ധതിപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കണം

2015-16 വർഷത്തെ വാർഷികകണക്കിൽ കേന്ദ്ര ഫണ്ട് സൂക്ഷിക്കുന്ന അക്കൗണ്ടിൽ 2591138 രൂപ നീക്കിയിരുപ്പുണ്ട്. ഈ തുക ഐ സി ഡി എസ്,ബി ആർ ജി എഫ് , മറ്റു കേന്ദ്ര പദ്ധതികൾ എന്നിവക്കായി ലഭ്യമായതാണ്. ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടി പ്രകാരം നീക്കിയിരുപ്പ് തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

2011-12 വർഷത്തെ മുന്നിരിപ്പ്-582628

മിസലേനിയസ് -33877

പലിശ വരവ് -313415

ഐ സി ഡി എസ് - 984218

ബി ആർ ജി എഫ് പദ്ധതി- 677000

മുന്നിരിപ്പ് തുക, മിസലേനിയസ് എന്നിവ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. ഏതെല്ലാം പദ്ധതിക്കായി, ഏത് വർഷം ലഭ്യമായതാണ് ഈ തുകകൾ എന്നത് സംബന്ധിച്ചും വ്യക്തതയില്ല.ഐസിഡിഎസ് പദ്ധതികൾക്കുള്ള തുക അങ്കണവാടികളുടെ വിവിധ പ്രവർത്തനങ്ങൾക്കായി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെന്നും ബി ആർ ജി എഫ് പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണെന്നും അറിയിച്ചിട്ടുണ്ട്. നീക്കിയിരിപ്പുള്ള തുക ഏത് പദ്ധതികൾക്ക് വേണ്ടി ലഭ്യമായതാണെന്ന് കണ്ടെത്തി അതാത് ആവശ്യത്തിന് വിനിയോഗിക്കേണ്ടതാണ്. തുക ചെലവഴിക്കാൻ കഴിയാത്ത പക്ഷം തുക അനുവദിച്ച ഫണ്ടിലേക്ക് തന്നെ തിരിച്ചടവാക്കേണ്ടതാണ്.

# 3-16 ആശ്രയ പദ്ധതി -അവലോകനം

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്)നം.71/2003/പ്ലാനിംഗ്/12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ. തി. 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപിനും, സാമൂഹ്യമായ മുന്നേറ്റ ങ്ങൾക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്ട് തയ്യാറാക്കിയിരിക്കണം.

തൃത്താല ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് അഗതി കുടുംബങ്ങളുടെ ആവശ്യകതകൾ സംബന്ധിച്ച് താഴെപ്പറയും പ്രകാരം പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ആവശ്യമുള്ളത് | ലഭ്യ<br>മാക്കിയത് |
|---|---|---|---|

| | | 1 ാം ഘട്ടം | 2 ാം ഘട്ടം | 1 ാം ഘട്ടം | 2 ാം ഘട്ടം |
|---|---|---|---|---|---|
| 1 | വീട് | 32 | 15 | 2 | - |
| 2 | ഭൂമി | 12 | 8 | -- | -- |
| 3 | വീട് റിപ്പയർ | 10 | 23 | 3 | -- |
| 4 | കുടിവെള്ളം | -- | 2 | - | - |
| 5 | കക്കൂസ് | -- | 2 | -- | -- |

സ.ഉ(എം എസ്) 362/2013 തസ്വഭവ തി. 16.11.2013 അനുബന്ധം 14 ഖ. 6.7 (i) അനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖ. 6.8 (i) അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. അനുബന്ധം 14 ഖ. 6.8(ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം.

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 98 ഗുണഭോക്താക്കളും രണ്ടാം ഘട്ടത്തിൽ 183 ഗുണഭോക്താക്കളും ഉൾപ്പെടെ ആകെ 281അഗതികളാണ് ലിസ്റ്റിലുള്ളത്. ആശ്രയ പദ്ധതി തുടങ്ങി ഇതുവരെയായി മേൽ പറഞ്ഞ ആനുകൂല്യങ്ങൾ ആണ് നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് ആശ്രയ പദ്ധതിയ്ക്കുള്ള വിഹിതം പരിമിതമായി മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ചാലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി നടത്തിപ്പ് തുടർന്നുവരുന്നുണ്ട്. ആശ്രയ ഗുണഭോക്താക്കളുടെ സമഗ്ര ഉന്നമനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല.

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

2015-16ൽ വായ്പ എടുത്തിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 178276 |
| തൻവർഷം നിക്ഷേപിച്ച തുക | 18028 |
| ആകെ | 196304 |
| തന്നാണ്ടിൽ പിൻവലിച്ച തുക | --- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 196304 |

(2015-16)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| പിഡിസി ബാങ്ക്,തൃത്താല- സ്ഥിര നിക്ഷേപം | 196304 | 0606840/30.11.2015 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ₹. 13894/- ഈടാക്കിയിട്ടുണ്ട്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർറ്റേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ച തിൻെറ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാർറ്റേർഡ് അക്കൗണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൻെറ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | പി.എച്ച്.സി., തൃത്താല | 19.7.1988 | 10/1988 മുതൽ 2014 വരെ | --- | --- | 2014 | ഇല്ല | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61265801 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43608538 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2563282 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

ഒന്നുമില്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5(എ) | 815000 | സ്മിത, വി.ഇ.ഒ. |
| 3-6 | 1320000 | സ്മിത, വി.ഇ.ഒ. |
| 3-7 | 428282 | എം.വിജയരാഘവൻ, പ്രധാനാദ്ധ്യാപകൻ |
| ആകെ | 2563282 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഒന്നുമില്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

ഒന്നുമില്ല

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| | ഒടുവിലത്തെ<br>കത്തിടപാടിന്റെ വിവരം | |
| 1998-99 | LF.P13.596/08/21-2-09 | പുനരഭിപ്രായക്കുറിപ്പ് |
| 1999-00 | LF.P13.597/08/21-2-09 | -ടി- |
| 2000-01 | LF.P13.598/08/21-2-09 | |
| 2001-02 | LF.P13.599/08/21-2-09 | -ടി- |
| 2002-03 | LF.P13.600/08/21-2-09 | -ടി- |
| 2003-04 | LF.P13.601/08/21-2-09 | -ടി- |
| 2004-05 | LF.P13.1003/09/5-12-09 | -ടി- |
| 2005-06 | LF.P13.695(2)/12/8-5-12 | -ടി- |
| 2006-07 | LF.P13.177/11/7-3-11 | -ടി- |
| 2007-08 | LF.P13.695(4)/12/16.3.12 | -ടി- |
| 2008-09<br>2009-10<br>2010-11 | LF.P16/952/13/7-4-14 | -ടി- |
| 2011-12 | LF.P16.1967/14/4-12-2014 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13,<br>2013-14 | ksa-pkd-20/1559/15/18.2.16 | ഓഡിറ്റ് റിപ്പോർട്ട് |

| | | |
|---|---|---|
| 2014-15 | കെ എസ് എ പി കെ ഡി20/1318/2016/31.07.2016 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-പികെഡി-20-2297/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി. 26-12-2016

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻറെ 215-ാം വകപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിൻറെ 31.3.2016 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൃത്താല ഗ്രാമപഞ്ചായത്ത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ എന്നിവ പ്രകാരം തയ്യാറാക്കിയ 2015-16 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

നൃൂനതകളുടെ സംഗ്രഹം

1. വസ്തുനികുതി -ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവയിലെ തുകകൾ എ എഫ് എസിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
2. റിലീഫ് ഫണ്ടിനുവേണ്ടിയുള്ള ബാങ്ക് അക്കൗണ്ട് അപ്ഡേറ്റ് ചെയ്തിട്ടില്ല
3. ആസ്തിമൂല്യം കൃത്യമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-20-2297/2016

Kerala State Audit Department

District Audit Office, Palakkad

Date – 26-12-2016

**Audit Certificate**

Certified that I have audited the Annual Financial Statement of **Thrithala** Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Thrithala Gramapanchayat for the year 2015-16 except the defects specified in the Annexure of this Certificate properly presents the picture of income and expenditure.

**Deputy Director**

## Abstract of Defects

1. The figures shown as the arrear & current balance of property tax (2015-16) inAFS, are not in agreement with the figures shown in DCB statement and Sanchaya Software.
2. Pass book for Relief Fund account not updated
3. Asset value not ascertained properly and included in Balance Sheet.

**Deputy Director**